## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 370** **28.05.2019 - ൽ മറുപടിക്ക്.**

## റേഷൻ സാധനങ്ങളുടെ വിതരണക്രമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** | വിവിധ വിഭാഗത്തിലുള്ള റേഷൻ കാർഡുടമകൾക്ക് പ്രതിമാസം അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ സാധനങ്ങൾ എന്തൊക്കെയാണ്; പ്രതിമാസ വിതരണക്രമം വ്യക്തമാക്കുമോ; | **(എ)** | റേഷൻ കടകൾ വഴി ഓരോ വിഭാഗം റേഷൻകാർഡുടമകൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള പ്രതിമാസവിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>എ.എ.വൈ, മുൻഗണനാ വിഭാഗങ്ങൾക്ക് നിയമം അനുശാസിക്കുന്ന അളവിലാണ് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത്. |
| **(ബി)** | ഇപ്രകാരം വിതരണം ചെയ്യുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ? | **(ബി)** | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂല നടപടി ഉണ്ടായില്ല. മുൻഗണനേതര-നോൺ സബ്സിഡി വിഭാഗത്തിനു നൽകി വരുന്ന ടൈഡ് ഓവർ അരി വിഹിതത്തിലെ നീക്കിയിരുപ്പിനനുസൃതമായി ടി വിഭാഗത്തിനുള്ള അരിയുടെ അളവ് വർദ്ധിപ്പിച്ചു നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം (2019 മെയ് മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| | എ.എ. വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം (priority) | മുൻഗണനേതര വിഭാഗം - സബ്സിഡി (NPS) | മുൻഗണനേതര വിഭാഗം നോൺ സബ്സിഡി (NPNS) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (കി.ഗ്രാമിന് 2 രൂപ നിരക്കിൽ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം (കി.ഗ്രാമിന് 4 രൂപ നിരക്കിൽ) | ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 5 കി.ഗ്രാം ഭക്ഷ്യധാന്യം. (കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ) (നീക്കിയിരിപ്പിനനുസൃതമായി ഓരോ മാസവും അളവിൽ വ്യത്യാസം വരാവുന്നതാണ്.) |
| ഗോതമ്പ് | ഓരോ കാർഡിനും 5 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം (കി.ഗ്രാമിന് 2 രൂപ നിരക്കിൽ) | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് പരമാവധി 3 കി.ഗ്രാം വീതം (കി.ഗ്രാമിന് 17 രൂപ നിരക്കിൽ) | കാർഡിന് പരമാവധി 3 കി.ഗ്രാം വീതം (കി.ഗ്രാമിന് 17 രൂപ നിരക്കിൽ) |
| പഞ്ചസാര | ഓരോ കാർഡിനും 1 കി.ഗ്രാം വീതം (കി.ഗ്രാമിന് 21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന്(വൈദ്യുതീകരിച്ച വീട്) 1/2 ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 4 ലിറ്ററും ലിറ്ററിന് 35 രൂപ നിരക്കിൽ (മണ്ണെണ്ണയുടെ എക്സ് ഇൻസ്റ്റലേഷൻ വിലവർദ്ധനയ്ക്കനുസൃതമായി വിൽപ്പനവിലയിൽ വ്യത്യാസം വരുന്നതാണ്) | | | |

സെക്ഷൻ ഓഫീസർ